പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത | 13.7.2011-ലെ |
| ചോദ്യം നം. 1736 | മറുപടിക്ക് |

**<u>ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ നെടുങ്ങോലത്ത് കിൻഫ്ര ഭൂമി ഏറ്റെടുക്കൽ</u>**

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ. ജി എസ്. ജയലാൽ | ശ്രീ.പി. കെ കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പ് മന്ത്രി) |
| (എ) ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ നെടുങ്ങോലത്ത് എത്ര ഏക്കർ ഭൂമിയാണ് കിൻഫ്രാ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നതെന്നും ഏറ്റെടുക്കൽ നടപടിയുടെ പുരോഗതിയും അറിയിക്കുമോ; | (എ) കൊല്ലം ജില്ലയിലെ ചാത്തന്നൂർ നിയോജക മണ്ഡലത്തിൽ ഒരു വ്യവസായ പാർക്ക് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് 96.47 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിന് അനുമതി നൽകി. അതിന്റെ അടിസ്ഥാനത്തിൽ കൊല്ലം ജില്ലാ കളക്ടർക്ക് കിൻഫ്ര അർത്ഥന പത്രം സമർപ്പിച്ചു. അക്വസിഷനുമായി ബന്ധപ്പെട്ട തുടർ നടപടികൾ ത്വരിതപ്പെടുത്താൻ അക്വസിഷൻ തഹസിൽദാരോട് നിർദ്ദേശിച്ചിട്ടുണ്ട്. |
| (ബി) ഭൂമി ഏറ്റെടുക്കുന്നതിന് സ്ഥലവാസികളിൽ നിന്നും പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ ആയത് അറിയിക്കുമോ; | ബി) ഇതുവരെ കിൻഫ്രക്ക് പരാതി യൊന്നും കിട്ടിയിട്ടില്ല |
| (സി) തടസ്സങ്ങൾ നിലവിലില്ലെങ്കിൽ എത്രയും പെട്ടെന്ന് ഭൂമി ഏറ്റെടുത്ത് പദ്ധതി നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ? | സി) കിൻഫ്രയ്ക്ക് ഭൂമി കൈമാറി കഴിഞ്ഞാലുടൻ തന്നെ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ